# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 2/32/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 22/01/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 2/32/2022 തീയ്യതി: 22/01/2022

## കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 05-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 05-01-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 05-01-2022 | 14-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-01-2022 | 14-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഹരി.ഇ.വി, ഓഡിറ്റ് ഓഫീസർ
സതീഷ് കുമാർ.സി.പി, അസി. ഓഡിറ്റ് ഓഫീസർ,
ഷൈന.എ.കെ, അസി. ഓഡിറ്റ് ഓഫീസർ,
അബ്ദുൾ നസീർ.ടി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ,
അഫ്സൽ.ടി.എം, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ വി ജോസഫ് | സെക്രട്ടറി | 01-04-2019 | 10-05-2019 |
| ദേവി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-05-2019 | 10-07-2019 |
| ദേവി കെ | സെക്രട്ടറി | 11-07-2019 | 13-12-2019 |
| മനോജ് ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-12-2019 | 31-12-2019 |
| അബ്ദുൽ ബഷീർ പി കെ | സെക്രട്ടറി | 01-01-2020 | 31-03-2020 |
| പി ടി അഗസ്റ്റിൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ദേവി കെ | അസി സെക്രട്ടറി | 01-04-2019 | 10-07-2019 |
| മനോജ് ടി | അസി സെക്രട്ടറി | 11-07-2019 | 31-03-2020 |
| അശ്വനി ടി | അസി എൻജിനീയർ | 01-04-2019 | 05-08-2019 |
| ശിൽപ ആനന്ദ് | അസി എൻജിനീയർ | 06-08-2019 | 24-01-2020 |
| അശ്വനി ടി | അസി എൻജിനീയർ | 25-01-2020 | 14-02-2020 |
| രമ്യ എൻ കെ | അസി എൻജിനീയർ | 15-02-2020 | 31-03-2020 |
| രാജശ്രീ പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| റെജി മോൾ ജോർജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ മുജീബ് റഹ്മാൻ | വെറ്ററിനറി സർജൻ | 01-04-2019 | 23-08-2019 |
| ഡോ ധന്യ ജോസ് | വെറ്ററിനറി സർജൻ | 24-08-2019 | 03-09-2019 |
| ഡോ രജിത ജോസഫ് | വെറ്ററിനറി സർജൻ | 04-09-2019 | 31-03-2020 |
| ഫസ്ന പാറ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 18-12-2019 |
| ഉദയ കെ ജോയ് | ഐ സി ഡി എസ് സൂപ്പർവൈസർ | 19-12-2019 | 31-03-2020 |
| സബീഷ് എൻ പി | വി ഇ ഓ | 01-04-2019 | 31-03-2020 |
| റുബീന ജലീൽ | വി ഇ ഓ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ സിൽവിയ വി | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ ഗോകുലൻ കെ എം | മെഡിക്കൽ ഓഫീസർ(ആയു) | 01-04-2019 | 31-03-2020 |
| ഡോ അജിത് കുമാർ എ ജി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 30-04-2019 |
| ഡോ സുകു | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-05-2019 | 31-07-2019 |
| ഡോ മുബഷിറ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-08-2019 | 31-03-2020 |
| മുഹമ്മദ് ഇ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-05-2019 |
| സലീം എം | ഹെഡ് മാസ്റ്റർ | 17-06-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Afsal T.M (Auditor, On 13-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Afsal T.M (Auditor, On 13-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 13-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Afsal T.M (Auditor, On 13-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 13-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 13-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Afsal T.M (Auditor, On 13-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-5 |
| 8 | ക്യാഷ് ബാലൻസ്<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 13-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Afsal T.M (Auditor, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-7 |
| 10 | കംഫർട്ട് സ്റ്റേഷൻ - ലേല തുക അടവാക്കിയില്ല.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-8 |
| 11 | ബൈലോ തയ്യാറാക്കാതെ ഷോപ്പിംഗ് കോംപ്ളക്സുകളിലെ വാടക കരാർ ചമയ്ക്കുന്നു<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-9 |
| 12 | വ്യവസായങ്ങൾക്കും വ്യാപാര - ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-10 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-11 |
| 14 | ഗ്രാമ പഞ്ചായത്തിന്റെ TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്തില്ല - വൻ തുക പിഴയിനത്തിൽ അടക്കാൻ അവശേഷിക്കുന്നു.<br>Written By: Afsal T.M (Auditor, On 14-01-2022) | 1-12 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 21-01-2022) | |
| 15 | പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്താതെ ഫണ്ട് നഷ്ടപ്പെടുത്തുന്നു.<br>Written By: Shyna A.K (Asst. Audit Officer, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-13 |
| 16 | മെറ്റീരിയൽ വില - മാർക്കറ്റ് വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ അധിക ചെലവ്<br>Written By: Shyna A.K (Asst. Audit Officer, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 22-01-2022) | 1-14 |
| 17 | വെള്ളക്കരം, വൈദ്യുത ചാർജ്ജ് എന്നീ ഇനങ്ങളിൽ കുടിശ്ശിക ഇല്ലാതിരിക്കെ ഗ്രാന്റിൽ നിന്നും സർക്കാർ ഈയിനങ്ങളിൽ തുക കുറവ് ചെയ്തു.<br>Written By: E.V Hari (Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-15 |
| 18 | ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Shyna A.K (Asst. Audit Officer, On 18-01-2022)<br>Last Updated By: Vasudevan M (Deputy Director, On 22-01-2022) | 1-16 |
| 19 | മൃഗാശുപത്രി നാൽപ്പതുമേനി ക്രോസ്സ് റോഡ് നിർമ്മാണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-17 |
| 20 | പുല്ലൂരാംപാറ - ചെറുശ്ശേരി റോഡ് നിർമ്മാണം പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-18 |
| 21 | പ്രളയ ഫണ്ട് ചെലവഴിക്കാതെ നഷ്ടപ്പെടുത്തി<br>Written By: Shyna A.K (Asst. Audit Officer, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-19 |
| 22 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - വിതരണ രജിസ്റ്റർ സൂക്ഷിച്ചില്ല<br>Written By: SathishKumar C P (Asst. Audit Officer, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-20 |
| 23 | ഹോമിയോ മരുന്നുകൾ - 2019-20 ലേക്ക് ലഭ്യമാക്കിയത് 2021-22 ലെ ഓർഡർ പ്രകാരം ഉള്ളവ<br>Written By: SathishKumar C P (Asst. Audit Officer, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-21 |
| 24 | എസ് എസ് എ വിഹിതം - വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-22 |
| 25 | അങ്കണവാടി പോഷകാഹാരം പദ്ധതി - മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: SathishKumar C P (Asst. Audit Officer, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-23 |
| 26 | ക്ലീൻ തിരുവമ്പാടി - റിസോഴ്സ് റിക്കവറി സെന്റർ നിഷ്ക്രിയ ആസ്തിയായി തുടരുന്നു.<br>Written By: Shyna A.K (Asst. Audit Officer, On 18-01-2022)<br>Last Updated By: Vasudevan M (Deputy Director, On 21-01-2022) | 1-24 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മൃഗാശുപത്രി നാൽപ്പത്തു മേനി ക്രോസ് റോഡ് നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 21-01-2022)<br>Last Updated By: Vasudevan M (Deputy Director, On 22-01-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Afsal T.M (Auditor, On 11-01-2022)<br>Last Updated By: Afsal T.M (Auditor, On 11-01-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 11-01-2022)<br>Last Updated By: Vasudevan M (Deputy Director, On 22-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 11-01-2022)<br>Last Updated By: Vasudevan M (Deputy Director, On 22-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 11-01-2022)<br>Last Updated By: Vasudevan M (Deputy Director, On 22-01-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Afsal T.M (Auditor, On 11-01-2022)<br>Last Updated By: Vasudevan M (Deputy Director, On 22-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Afsal T.M (Auditor, On 11-01-2022)<br>Last Updated By: Vasudevan M (Deputy Director, On 22-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Afsal T.M (Auditor, On 11-01-2022)<br>Last Updated By: Vasudevan M (Deputy Director, On 22-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Afsal T.M (Auditor, On 11-01-2022)<br>Last Updated By: Vasudevan M (Deputy Director, On 22-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Afsal T.M (Auditor, On 11-01-2022)<br>Last Updated By: Vasudevan M (Deputy Director, On 22-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Afsal T.M (Auditor, On 11-01-2022)<br>Last Updated By: Vasudevan M (Deputy Director, On 22-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Afsal T.M (Auditor, On 11-01-2022)<br>Last Updated By: Vasudevan M (Deputy Director, On 22-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

എ) തനത് വരുമാനം – എസ്റ്റിമേറ്റ് തുകയിലെ വ്യതിയാനം

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | വാർഷിക കണക്കുപ്രകാരം വരവ് |
|---|---|---|---|
| 110-നികുതി വരുമാനം | 8200000 | 9450000 | 7964228 |
| 130-നികുതിയിതര വരവുകൾ | 710000 | 635000 | 502608 |
| 140-ഫീസ്&യൂസർചാർജ്ജസ് | 1451000 | 1020000 | 956815 |
| 150-സെയിൽ&ഹയർ ചാർജ്ജസ് | 366000 | 411000 | 226764 |

ബി) ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ - ബജറ്റ് പുതുക്കുന്നില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയതിനേക്കാൾ കൂടുതലോ ചെലവഴിക്കേണ്ട അവസരത്തിൽ ബജറ്റ് പുതുക്കുകയോ, സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിച്ചോ മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 (5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. വരവ്/ചെലവ് വകയിരുത്തലുകളുടെ കാര്യത്തിൽ ബജറ്റ് വ്യതിയാനം വന്നത്, വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചില്ല. ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 171 | 150000 | 250000 | 296839 |
| 2 | 253 | 900000 | 100000 | 1243187 |

പ്രൊവിഷനിൽ നിന്നും വ്യതിയാനം വരുമ്പോൾ തന്നെ ബജറ്റ് പുതുക്കാത്തതാണ് അപാകതയ്ക്ക് കാരണമായിട്ടുള്ളത്.

ബജറ്റ് പ്രൊവിഷനെക്കാൾ അധികരിച്ച് ചെലവ് ചെയ്തത് പോലെ വളരെ കുറഞ്ഞ വരവ് / ചെലവുകളും വന്നിട്ടുണ്ട് . കൃത്യതയില്ലായ്മ വെളിവാക്കുന്ന ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 250 | 15436125 | 18178652 | 7448696 |

| | | | | |
|---|---|---|---|---|
| 2 | 251 | 209292200 | 74112907 | 43449631 |

അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 22.06.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർവീസ് കോ – ഓപറേറ്റീവ് ബാങ്ക് (ആർ. എഫ്), ബാങ്ക് പാസ് ബുക്ക് പ്രകാരം ക്ലോസിങ് ബാലൻസ് 6,69,521 ആണ്. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഇത് 6,43,511 രൂപയാണ്. 26,010/- രൂപയുടെ വ്യത്യാസം കാണുന്നു.
2. ആസ്തി രജിസ്റ്റർ കാലികമല്ല.
3. തൻവർഷത്തെ ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.
4. വിമുക്തിയുടെ ആഭിമുഖ്യത്തിൽ 2019 ജനവരി 26 ന് സംഘടിപ്പിച്ച ക്വിസ് മത്സരത്തിന് 25,000/- രൂപ സംസ്ഥാന എക്സൈസ് വകുപ്പിൽ നിന്നും അനുവദിച്ചതിൽ 11,900 രൂപ ഈയാവശ്യത്തിനായി ചെലവഴിച്ചിട്ടുണ്ട്. ബാക്കിതുക 13,100/- രൂപ പഞ്ചായത്തിന്റെ ടി. എസ്. ബി. അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് സംസ്ഥാന എക്സൈസ് വകുപ്പിൽ തിരികെ അടവാക്കേണ്ടതാണ്.
5. വാർഷിക കണക്കിൽ, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ ഇവ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട് . നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24794975 |
| ഓഡിറ്റ് വർഷത്തെ വരവ് | 70584300 |
| ആകെ | 95379275 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 68224875 |
| നീക്കിയിരിപ്പ് | 27154400 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത | ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | തുക | |
| വികസന ഫണ്ട് (ജനറൽ) | 0 | 19103921 | 19103921 | 15657340 | 3446581 | 82 |
| വികസന ഫണ്ട് (എസ് സി പി) | 0 | 4913776 | 4913776 | 3073826 | 1839950 | 62.5 |
| വികസന ഫണ്ട്- (സി എഫ്സി ടൈഡ് ഗ്രാന്റ്) | 0 | 827096 | 827096 | 378187 | 448909 | 45.7 |
| മെയിന്റനൻസ്, റോഡ് | - | 16152000 | 16152000 | 6134317 | 10017683 | 38 |
| മെയിന്റനൻസ്, നോൺ-റോഡ് | - | 5731000 | 5731000 | 2882081 | 2848919 | 50.2 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 14050464 | 14050464 | 6624824 | 7425640 | 47 |
| ജനറൽ പർപസ് ഗ്രാന്റ് | 12638660 | 12406064 | 25044724 | 16270849 | 8773875 | 65 |
| ദുരിതാശ്വാസ നിധി | 612709 | 30802 | 643511 | 0 | 643511 | 0 |
| എം.എൻ.ആർ.ഇ.ജി.എസ് (ഭരണ ചെലവ്) | 31702 | 1483030 | 1514732 | 1513153 | 1579 | 99.9 |
| | | | | | | |
| സംയുക്ത പദ്ധതി- ബ്ലോക്ക് പഞ്ചായത്ത്- | 1328008 | 992000 | 2320008 | 1182000 | 1138008 | 50 |
| സംയുക്ത പദ്ധതി- ജില്ലാ പഞ്ചായത്ത് | 67562 | 800000 | 867562 | 800000 | 67562 | |
| പൈക്ക | 36460 | 1255 | 37715 | 0 | 37715 | 0 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2019-20 വർഷത്തിൽ ഐ. കെ. എം തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അപാതകൾ ചുവടെ കൊടുക്കുന്നു. വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവു പത്രിക യിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 5624097 | 12268639 |
| | സേവനം | 13779355 | 61819355 |
| വികസനഫണ്ട് എസ്.സി.പി. | ഉത്പാദനം | -- | -- |
| | സേവനം | 4328750 | 15508750 |
| സംരക്ഷണഗ്രാന്റ് റോഡിതരം | ഉത്പാദനം | 435000 | 870000 |
| സംരക്ഷണഗ്രാന്റ് റോഡ് | പശ്ചാത്തലം | 19370300 | 19380300 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ സുലേഖ സോഫ്റ്റ്വെയറിലെ തകരാറുമൂലമാണെന്നും പ്രസ്തുത വിവരം IKM അധികൃതർക്ക് റിപ്പോർട്ട് ചെയ്ത് പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|
| 242 | 145732619 | 222 | 20 | 52446988 | 35 |

മുൻ വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയും അതിൽ നിന്നുള്ള ചെലവും പരിഗണിക്കുമ്പോൾ ഗ്രാന്റുകളുടെ പൂർണ്ണമായ വിനിയോഗം നടന്നതായി കാണുന്നില്ല. വകയിരുത്തിയ തുകയുടെയും അലോട്ട്മെന്റിന്റെയും വിശദാംശം താഴെ കൊടുക്കുന്നു

| ക്രമ നം | ഫണ്ട് ഇനം | വകയിരുത്തിയത് | സ്റ്റേറ്റ് ബജറ്റ് അലോട്ട്മെന്റ് | തൻ വർഷം ലഭിച്ച അലോട്ട്മെന്റ് | തൻ വർഷ ചെലവ് | തൻ വർഷം ലഭിച്ച അധിക അലോട്ട് മെന്റ് (4 – 3 ) | ലാപ്സായ തുക 4-5 |
|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | വികസന ഫണ്ട് (ജനറൽ ) | 20615875 | 18380000 | 19103921 | 15657340 | 723921 | 3446581 |
| 2 | SCP | 4617000 | 4319000 | 4913776 | 3073826 | 594776 | 1839950 |
| 3 | TSP | 823000 | 823000 | 877096 | 378187 | 54096 | 498909 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | CFC | 16704955 | 14047000 | 14050464 | 6624824 | 3464 | 7425640 |
| 6 | മെയിന്റനൻസ് (നോൺ റോഡ്) | 6875000 | 5731000 | 5731000 | 2882081 | 0 | 2848919 |
| 7 | മെയിന്റനൻസ് (റോഡ്) | 19380300 | 16152000 | 16152000 | 6134317 | 0 | 10017683 |
| 8 | ആകെ | 69016130 | 59452000 | 60828257 | 34750575 | 1369329 | 26077682 |

വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പദ്ധതികൾക്കായി മേൽ ഗ്രാന്റുകളിൽനിന്നും 1369329/- രൂപ ബജറ്റ് വിഹിതത്തിന് ഉപരിയായി വകയിരുത്തിയിട്ടുണ്ട്. 15.5.2019ലെ 990 / 19 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ബജറ്റ് വിഹിതത്തിന്റെ 20 % വരെ ഇത്തരത്തിൽ സ്പിൽ ഓവർ പദ്ധതികൾക്ക് വകയിരുത്താമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തത് .

മേൽ കൊടുത്ത പ്രകാരം സ്പിൽ ഓവർ പദ്ധതികൾക്കായി തൻവർഷത്തെ ബജറ്റ് അലോട്ട്മെന്റിനെക്കാൾ 1369329/- രൂപ അധികരിച്ച് അലോട്ട്മെന്റ് ലഭ്യമായെങ്കിലും യഥാർത്ഥ ബജറ്റ് അലോട്ട്മെന്റിനെക്കാൾ 26077682/- രൂപയുടെ കുറഞ്ഞ വിനിയോഗം (60828257 - 34750575) മാത്രമാണ് തൻവർഷം വന്നത് .

CFC ഗ്രാന്റ് – ലഭിച്ച തുകയുടെ 5 2.8% ലാപ്സായി

| ക്രമ നം | ഉത്തരവ് നം/തിയതി | തൻ വർഷം ലഭിച്ച അലോട്മെന്റ് |
|---|---|---|
| 1 | GO(Rt)No.4086/2019/fin 30/05/2019 | 2809400 |
| 2 | GO(Rt)No.4889/2019/fin 30/05/2019 | 4214100 |
| 3 | GO(Rt)No.6335/2019/fin 08/08/2019 | 3464 |
| 4 | GO(Rt)No.8674/2019/fin 02/11/2019 | 7023500 |
| ആകെ | | 14050464 |
| ചെലവഴിച്ച തുക | | 6624824 |
| ലാപ്സായ തുക | | 7425640 |

ഈ തുകയുടെ 47.2 ശതമാനം മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. 7425640 രൂപ ലാപ്സായി ഇതടക്കം തൻവർഷം ആകെ 18652042/- രൂപ സ്ഥാപനത്തിന് നഷ്ടമായി. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ്

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07/01/2022 ന് 10.35 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29,615/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ

വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

മുൻ വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയും അതിൽ നിന്നുള്ള ചെലവും പരിഗണിക്കുമ്പോൾ ഗ്രാന്റുകളുടെ പൂർണ്ണമായ വിനിയോഗം നടന്നതായി കാണുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്തില്ല - വൻ തുക പിഴയിനത്തിൽ അടക്കാൻ അവശേഷിക്കുന്നു. കുടിശ്ശിക തീർപ്പാക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിച്ചില്ല.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് സെക്രട്ടറി, കൃഷി ഓഫീസർ എന്നിവരുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല.

ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും ഇ – ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെക്കുന്നതിനും എൻജിനീയറിങ് വിഭാഗം നടപടികൾ സ്വീകരിച്ചിട്ടില്ല.

വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ് - ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൗണ്ടു ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ഡി.സി.ബി ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

## 1-8 കംഫർട്ട് സ്റ്റേഷൻ - ലേല തുക അടവാക്കിയില്ല.

2019-20 സാമ്പത്തിക വർഷത്തെ ബസ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് 11/03/2019 ന് 80,400 രൂപക്ക് ശ്രീ. മുഹമ്മദ് കെ. പാലക്കുന്നുമ്മൽ താമരശ്ശേരി എന്നയാൾ ലേലം കൊണ്ടിരുന്നു. എന്നാൽ ഈയിനത്തിലേക്ക് 58,600 രൂപ മാത്രമാണ് അടവാക്കിയിരിക്കുന്നത്. ബാക്കിയുള്ള 21,800 രൂപ നാളിതുവരെയായി അടവാക്കിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും ) ചട്ടങ്ങളിലെ പതിനാലാം ചട്ടപ്രകാരം ബാക്കിയുള്ള തുക ഈടാക്കിയതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കുടിശ്ശിക ഈടാക്കുന്നതിന് ആർ. ആർ നടപടികളാരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9 ബൈലോ തയ്യാറാക്കാതെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടക കരാർ ചമയ്ക്കുന്നു

തിരുവമ്പാടി പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ വാടകയ്ക്ക് കൊടുക്കുന്നതിന് അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ട ബൈലോ സ്ഥാപനത്തിലില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24/03/2020 ലെ 7/7 നമ്പർ തീരുമാന പ്രകാരം നിലവിൽ വാടകക്ക് നൽകിയിട്ടുള്ള റൂമുകൾക്ക് 5% വാടക വർദ്ധനവ് വരുത്തി കരാർ പുതുക്കി നൽകുകയാണ് ഭരണസമിതി ചെയ്തിരിക്കുന്നത്. മേൽ തീരുമാന പ്രകാരം 5% വാടക വർദ്ധനവ് ഉൾപ്പെടുത്തിക്കൊണ്ടാണ് പുതിയ കരാർ ഉണ്ടാക്കിയിരിക്കുന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ സെക്ഷൻ 256 പ്രകാരം ബൈലോകളുണ്ടാക്കാൻ അതാതു ഭരണ സമിതികൾക്ക് അധികാരമുണ്ട്. ഇത്തരത്തിലുണ്ടാക്കുന്ന ബൈലോകൾ പഞ്ചായത്ത് രാജ് ആക്റ്റിനും അതിനു കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമാവരുത്. സ്ഥാപനങ്ങളിലെ ബൈലോകൾ പ്രകാരമാണ് വർഷാ വർഷ വാടക കരാർ പുതുക്കുന്നതും, വർദ്ധനവ്

വരുത്തുന്നതും. കൂടാതെ വാടക പിരിവ്, കുടിശ്ശിക, അനധികൃത വാടകക്കാർ, ദുർബല വിഭാഗങ്ങക്ക് നിശ്ചിത ശതമാനം വാടകമുറികൾ സംവരണം ചെയ്യൽ, കൂട്ടിച്ചേർക്കലുകൾ, പിഴ ഈടാക്കൽ, ഒഴിപ്പിക്കൽ തുടങ്ങിയ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും നടപടികളും പുറപ്പെടുവിക്കുന്നത്. കൃത്യമായ ബൈലോയുടെ അഭാവത്തിൽ പഞ്ചായത്ത് ജീവനക്കാർ ഏത് മാനദണ്ഡം അടിസ്ഥാനപ്പെടുത്തിയാണ് വാടക വർദ്ധനവ് വരുത്തുന്നതും വീഴ്ചക്കെതിരെ നടപടികൾ സ്വീകരിക്കുന്നതെന്നും വ്യക്തമല്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2020-21 കാലയളവിൽ ഭരണ സമിതി അംഗീകരിച്ച ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ബൈലോ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടക കരാർ ചമയ്ക്കുന്നതിന് ഭാവിയിൽ ശ്രമിക്കേണ്ടതാണ്.

## 1-10 വ്യവസായങ്ങൾക്കും വ്യാപാര - ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

### 1) ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും വ്യാപാര - ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ്) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി ഒരു മുൻ തിയ്യതിയിൽ അവസാനിക്കണമെന്ന് പ്രസിഡന്റ് പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2019-20 വർഷത്തിൽ തിരുവമ്പാടി ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 945 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2020 ഫെബ്രുവരി - മാർച്ച് മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 113 സ്ഥാപനങ്ങളാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരി/മാർച്ച് മാസങ്ങളിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്.

### 2) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് അപൂർണ്ണം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് പകരം സഞ്ചയ - സോഫ്റ്റ് വെയറിൽ നിന്നും കെട്ടിട ഉടമകളുടെ ലിസ്റ്റ് പ്രിന്റ് ചെയ്താണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. മുഴുവൻ കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിക്കുന്ന ലിസ്റ്റ് അപൂർണ്ണമാണ്.

### 3) ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2020 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2677 (144 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 652 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ബാക്കി കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, 1996 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യങ്ങൾ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ പരിശോധന നടത്തിയതായി കാണുന്നില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 ഒന്നാം/രണ്ടാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം./സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | റിച്ച്മോൺണ്ട് റിസോർട്ട് കൊടക്കാട്ടുപാറ | 1&2 അർദ്ധവർഷം |
| 2 | അശ്വതി എൻഞ്ചിനീയറിംഗ് വർക്സ് തൊണ്ടിമ്മൽ | 1&2 അർദ്ധവർഷം |
| 3 | ബീവറേജ് ഷോപ്പ് തിരുവമ്പാടി<br>കെ. എസ്. ഇ. ബി, ചെമ്പ്കടവ് | 1&2 അർദ്ധവർഷം |
| 4 | കയത്തിങ്ങൽ ഫ്യൂവൽസ്. | 1&2 അർദ്ധവർഷം |
| 5 | മലബാർ ഫർണ്ണിച്ചർ തിരുവമ്പാടി | 1&2 അർദ്ധവർഷം |
| 6 | അനുഗ്രഹ ബുക്സ് ബൈൻഡിംഗ് | 1&2 അർദ്ധവർഷം |
| 7 | ഫെഡറൽ ബാങ്ക് തിരുവമ്പാടി | 1&2 അർദ്ധവർഷം |
| 8 | മുത്തൂറ്റ് മിനി നിധി കേരള | 1&2 അർദ്ധവർഷം |

| | | |
|---|---|---|
| 9 | ലിസ ഹോസ്പിറ്റൽ തിരുവമ്പാടി | 1&2 അർദ്ധവർഷം |
| 10 | ജെ.ജെ. എന്റർപ്രൈസസ് | 1&2 അർദ്ധവർഷം |
| 11 | തിരുനേത്ര ഐ ക്ലിനിക്ക് | 1&2അർദ്ധവർഷം |
| 12 | അൽഫ അക്കാഡമി തിരുവമ്പാടി | 1&2 അർദ്ധവർഷം |
| 13 | ലിസ സ്കൂൾ ഓഫ് നഴ്സിംഗ് | 2 അർദ്ധ വർഷം |
| 14 | അക്ഷയ സെന്റർ | 1&2 അർദ്ധവർഷം |
| 16 | ഓസോൺ ബയോ ഫാബ്സ് | 1&2 അർദ്ധവർഷം |
| 17 | ജെ. ജെ. ബേക്കേഴ്സ് ഇരുമ്പകം | 1&2 അർദ്ധവർഷം |
| 18 | ഹെവൻബോൻഡ് ഫുട് വെയർ | 1&2 അർദ്ധവർഷം |
| 19 | മലബാർ ഫുഡ് പ്രോഡക്ട്സ് പുല്ലൂരാംപാറ | 1&2 അർദ്ധവർഷം |
| 20 | റിലയൻസ് റിടൈൽ | 1&2 അർദ്ധവർഷം |
| 21 | ഓസോൺ ബയോഫാസ്റ്റ് | 2 അർദ്ധ വർഷം |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ഗ്രാമ പഞ്ചായത്തിന്റെ TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്തില്ല - വൻ തുക പിഴയിനത്തിൽ അടക്കാൻ അവശേഷിക്കുന്നു.

ഇൻകം ടാക്സ് വകുപ്പിന്റെ 05/04/2019 ലെ ACIT/TDS/AD/CHNT00884C/156/CLT/2019-20 നം. കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിന് TDS പിഴ ഇനത്തിൽ 3,08,130/- അടവാക്കാൻ ഉള്ളതായും ആയതുമായി ബന്ധപ്പെട്ട് 26/04/2019 ന് ഹിയറിങ്ങിൽ ആവശ്യമായ രേഖകളുമായി ഹാജരാവാനും ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം 26/04/2019 ലെ ഹിയറിങ്ങിൽ സെക്രട്ടറിയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥനോ പങ്കെടുത്തതിന്റെ വിവരമോ, ആയതിൻമേൽ ഇൻകം ടാക്സ് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിവരമോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമായ രേഖകൾ, വൗച്ചറുകൾ, TRACES LOGIN എന്നിവ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് TDS പിഴ ഇനത്തിൽ ഓഡിറ്റ് വർഷത്തിൽ അടവാക്കിയ തുക, അടവാക്കാൻ അവശേഷിക്കുന്ന തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

അടവാക്കിയ തുക

1) ബിൽ നം. 51900178 / 2019-20 തുക 2,256/- രൂപ - ഓൺലൈൻ ട്രാൻസ്ഫർ തിയതി 10-06-2019

വിവിധ വർഷങ്ങളിലായി ഫയൽ ചെയ്ത TDS റിട്ടേണുകളിൻമേലുള്ള ലേറ്റ് ഫീ, പലിശ എന്നീയിനങ്ങളിലെ തുകയാണ് മേൽ പ്രകാരം അടവാക്കിയത്.

ആയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഫോം ഇനം | സാമ്പത്തിക വർഷം/ | അടവാക്കിയ തുക |
|---|---|---|---|---|
| 1 | Additional Late Payment Interest Against The Processing Of | 24Q | 2011-12 Q2 | 180 |
| 2 | Interest U/s 220(2) | 24Q | 2010-11-Q4 | 40 |
| 3 | Interest U/s 220(2) | 26Q | 2013-14-Q2 | 256 |
| 4 | Interest U/s 220(2) | 24Q | 2013-14 -Q4 | 750 |
| 5 | ലഭ്യമല്ല | | | 1,030 |
| | ആകെ | | | 2,256 |

2) ബിൽ നം. 51900256 2019-20 തുക 6,750/- ചെക്ക് നം. 960155 തിയതി 02/07/2019

2013-14, 2014-15 വർഷങ്ങളിലെ TDS റിട്ടേണുകളുടെ ലേറ്റ് ഫയലിങ് പ്രോസെസിങ് ചാർജ്, അപ്പീൽ ഫീ തുടങ്ങിയ ഇനങ്ങൾക്കായി 03/07/2019 ന് JK ASSOSIATES, KOZHIKODE എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് ഈ തുക കൈമാറിയിട്ടുള്ളത്.

അടവാക്കാൻ അവശേഷിക്കുന്ന തുക

ആദായ നികുതി വകുപ്പിൽ വിവിധയിനങ്ങളിലായി ഗ്രാമ പഞ്ചായത്ത് അടവാക്കാൻ അവശേഷിക്കുന്ന തുകകൾ സംബന്ധിച്ച വിവരം അറിയുന്നതിനായി അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ TDS TRACES ലോഗിനിൽ പരിശോധന നടത്തുകയുണ്ടായി. ആയത് പ്രകാരമുള്ള നിലവിലെ കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്ത തിയതി | കറക്ഷൻ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്ത തിയതി | ഫോം ഇനം | കുടിശ്ശിക ഇനം | തുക |
|---|---|---|---|---|---|---|
| 1 | 2013-14 Q1 | 01-02-2018 | -- | 26Q- | Late Filing Levy | 2,80,600 |
| 2 | 2013-14 Q2 | 03-06-2014 | 18-06-2019 | 26Q | Late Filing Levy | 12,800 |
| 3 | 2013-14 Q2 | 03-06-2014 | 18-06-2019 | 26Q | Interest U/s 220(2) | 7,680 |
| 4 | 2013-14 Q4 | 20-06-2014 | 18-06-2019 | 24Q | Late Filing Levy | 5,000 |
| 5 | 2013-14 Q4 | 20-06-2014 | 18-06-2019 | 24Q | Interest U/s 220(2) | 3,000 |
| 6 | 2014-15 Q2 | 31-01-2015 | -- | 24Q | Late Filing Levy | 7,450 |
| 7 | 2014-15 Q4 | 27-05-2015 | 18-06-2019 | 27EQ | Interest U/s 220(2) | 490 |
| | | | | | TOTAL | 3,17,020 |

ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 234 പ്രകാരം TDS യഥാസമയം ഫയൽ ചെയ്യാത്തവർക്ക് പ്രതിദിനം 200/- രൂപ നിരക്കിൽ Late Fee ഈടാക്കുന്നതാണ്. ( Late Fee പരമാവധി TDS തുകയായി പരിമിതപ്പെടുത്തിയിട്ടുണ്ട്)

TRACES ലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്യാത്തത് കൊണ്ടാണ് പിഴയിനത്തിൽ വൻ തുക അടവാക്കേണ്ട സാഹചര്യം ഉണ്ടായത് എന്ന് കാണുന്നു. ആകെ കുടിശ്ശികയായുള്ള 3,17,020 രൂപയിൽ 3,01,080/- രൂപ 26Q (Non Salary Deduction) ഇനത്തിലും 15,450/- രൂപ 24Q (Salary Deduction) ഇനത്തിലും 490/- രൂപ 27EQ ഇനത്തിലും പെട്ടതാണ് . ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഇപ്രകാരം കുടിശ്ശിക വരാനുണ്ടായ സാഹചര്യം വ്യക്തമായിട്ടില്ല. ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സാങ്കേതികമായ കാരണങ്ങളാലാണ് ഗ്രാമ പഞ്ചായത്തിന് TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്യാൻ സാധിക്കാതിരുന്നത് എങ്കിൽ ഇക്കാര്യം ഇൻകം ടാക്സ് വകുപ്പിനെ കൃത്യമായ രേഖകൾ സഹിതം ബോധിപ്പിച്ച് കുടിശ്ശിക തീർപ്പാക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കുടിശ്ശിക വരാൻ കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും താഴെ കാണിച്ച പ്രകാരം തുക ഈടാക്കേണ്ടതും, ഇൻകം ടാക്സ് വകുപ്പിൽ അടവാക്കി കുടിശ്ശിക തീർക്കേണ്ടതുമാണ്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | ബിൽ നം. 51900178 / 2019-20 പ്രകാരം 10/06/2019 ന് അടവാക്കിയ TDS റിട്ടേണുകളൻമേലുള്ള ലേറ്റ് ഫീ, പലിശ എന്നീയിനങ്ങളിലെ തുക | 2,256/ |
| 2 | ബിൽ നം. 51900256 / 2019-20 പ്രകാരം 03/07/2019 ന് അടവാക്കിയ TDS റിട്ടേണുകളുടെ ലേറ്റ് ഫയലിങ് പ്രോസെസിങ് ചാർജ്, അപ്പീൽ ഫീ തുടങ്ങിയവ | 6,750 |
| 3 | TDS TRACES ലോഗിൻ പ്രകാരം നിലവിലെ കുടിശ്ശിക | 3,17,020 |
| | ആകെ | 3,26,026 |

## 1-13 പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്താതെ ഫണ്ട് നഷ്ടപ്പെടുത്തുന്നു.

2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്താനായി വിഭാവനം ചെയ്ത 143 പ്രോജക്ടുകളിൽ 50 എണ്ണം സ്പിൽ ഓവർ പദ്ധതികളാണ്. ഇവയിൽ 10 എണ്ണത്തിന് തൻവർഷവും ചെലവുണ്ടായില്ല. പുതുതായി തൻവർഷം രൂപീകരിച്ച 93 പ്രോജക്ടുകളിൽ 72 എണ്ണത്തിനും തൻവർഷം ചെലവില്ല. തൻ വർഷം രൂപീകരിച്ച 93 പദ്ധതികളിൽ 21 പ്രോജക്ടുകൾക്കു മാത്രമാണ് തൻ വർഷം ചെലവുണ്ടായത്. 2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾക്കായി വകയിരുത്തിയ 64522415 രൂപയിൽ 15592311 രൂപ മാത്രമാണ് തൻവർഷം പദ്ധതികൾക്കായി ചെലവഴിച്ചത്. (24.16%). ഈ വർഷത്തെ ആകെ ചെലവിൽ 75.31% ചെലവും മുൻവർഷത്തെ പ്രവ്വത്തികൾക്കു വേണ്ടിയാണ് നടത്തിയത്. ഫണ്ടിനം തിരിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ആകെ അടങ്കൽ തുക | ആകെ ചെലവ് തുക | ചെലവ് % |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 2677400 | 1140623 | 42.6 % |
| വികസനഫണ്ട് എസ്.സി.പി. | 486250 | 181504 | 37.33 % |
| വികസനഫണ്ട് ടി.എസ്.പി. | 243000 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 15103971 | 6006224 | 39.76 % |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 2006362 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 14800000 | 0 | 0 |
| തനതുഫണ്ട് | 5412632 | 418890 | 7.7 % |
| സംരക്ഷണഗ്രാന്റ് റോഡ് | 19380300 | 6134317 | 31.65 % |

| | | | |
|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡിതരം | 4412000 | 1710753 | 38.75 % |

29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 11/2018/ത.സ്വ.ഭ.വ. യിലെ ഖണ്ഡിക 10 നിർദ്ദേശ പ്രകാരം ഭേദഗതിയില്ലാത്ത സ്പിൽ ഓവർ പ്രോജക്ടുകൾ ഏപ്രിൽ മാസം മുതൽ നിർവ്വഹണം നടത്താമെന്നിരിക്കെ 2018-19 വർഷത്തിൽ നിന്നും സ്പിൽഓവർ ആയി വന്ന മേൽ പദ്ധതികൾ 2019-20 വർഷത്തിലും പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്തെന്ന് വ്യക്തമല്ല. സ്പിൽഓവർ പദ്ധതികളിൽ ചെലവില്ലാതിരുന്ന 10 പദ്ധതികളും തുടർവർഷത്തേയ്ക്ക് തുടർന്നിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വന്നതിന് പ്രധാന കാരണമായിട്ടുള്ളത് പദ്ധതി നിർവ്വഹണം വർഷാവസാനത്തേയ്ക്ക് നീട്ടിക്കൊണ്ടു പോയതാണ്. വർഷാരംഭത്തിൽ തന്നെ അംഗീകാരം കിട്ടിയ പദ്ധതികൾ ടെണ്ടർ നടപടികൾ ആരംഭിക്കുന്നത് 4.9.2019 ൽ മാത്രമാണ്. സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ കൃത്യമായ അവസ്ഥാ വിശകലനം നടത്താതെയാണ് പൊതുമരാമത്ത് പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാണ്.

പഞ്ചായത്തിലെ എ.സി.ആർ. പ്രകാരം വിവിധ ഫണ്ടിനങ്ങളിലായി 2019-20 വർഷത്തിൽ 2,60,27,682/- രൂപ ഉപയോഗപ്പെടുത്താനാകാതെ ലാപ്സായിട്ടുണ്ട്. അതായത് ലാപ്സായ തുകയിൽ കൂടുതലും അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികൾക്കായി ഉപയോഗപ്പെടുത്താവുന്നവയായിരുന്നു. കൃബില്ലുകളായ പ്രവൃത്തികളെല്ലാം തുടർ വർഷത്തിലേയ്ക്ക് സ്പിൽ ഓവർ പ്രോജക്ടുകളായതിനാൽ ഇവയ്ക്കു വേണ്ടി വന്ന മേൽ തുക തുടർ വർഷത്തെ അലോട്ട്മെന്റിൽ നിന്നും കണ്ടെത്തേണ്ടി വന്നു. ഇത് 2020-21 ലെ പദ്ധതികളുടെ പൂർത്തീകരണത്തിന് വിലങ്ങു തടിയായിട്ടുണ്ട്. സ്പിൽ ഓവർ പ്രവൃത്തികൾ പോലും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 19 /2019-20 തിയ്യതി 14.1.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പണം ചെലവഴിക്കാതെ പാഴാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-14 മെറ്റീരിയൽ വില - മാർക്കറ്റ് വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ അധിക ചെലവ്

2019-20 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് മെറ്റീരിയൽ ടെണ്ടർ നടപടികളിലൂടെ കരാറുകാർ വഴിയാണ് സംഭരിച്ചത്. 30.11.2019 ന് 39 പ്രവർത്തികൾക്കായി ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരും പങ്കെടുത്തില്ല. 10-12-2019 ന് നടന്ന റീ ടെണ്ടറിൽ എല്ലാ പ്രവർത്തികളിലും ഓരോ കരാറുകാർ മാത്രം പങ്കെടുക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ മെറ്റീരിയലുകൾ സപ്ലൈ ചെയ്തിട്ടുമുണ്ട്.

മെറ്റീരിയലുകൾ വാങ്ങാൻ ചെലവഴിച്ചതിൽ പ്രധാന ചെലവിനങ്ങൾ 40 എം. എം, 20 എം. എം, 10 എം. എം, മെറ്റലുകൾ, ക്വാറി മക്ക്, എം. സാന്റ് എന്നിവ വാങ്ങിയതിന്റെ ചെലവാണ്.

ഗ്രാമപഞ്ചായത്തിന്റെ സമീപപ്രദേശത്ത് പ്രവർത്തിക്കുന്ന ULCC, പാലക്കൽ എന്നീ ക്രഷറുകളിൽ ലഭ്യമായ മെറ്റീരിയലുകളുടെ പ്രാദേശികമായ വിലയേക്കാൾ വളരെ ഉയർന്ന വിലയാണ് കരാറുകാർക്ക് നൽകിയിട്ടുള്ളത്. കരാറുകാർ ക്വോട്ട് ചെയ്തിട്ടുള്ളത് വളരെ കൂടിയ നിരക്കാണ്. ഇത് വഴി പഞ്ചായത്തിന് അധിക ചെലവ് വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | മെറ്റീരിയലുകൾക്ക് കരാറുകാരന് നൽകിയ തുക | പ്രാദേശിക വില ക്വട്ടേഷൻ പ്രകാരം | അധികം അനുവദിച്ചത് | കരാറുകാരൻ |
|---|---|---|---|---|---|
| 1 | പതങ്കയം ഫുഡ് പാത്ത് റോഡ് കോൺക്രീറ്റ് | 223538 | 154468 | 69070 | ശ്രീ.ജാസിം അബൂബക്കർ |

| | | | | | |
|---|---|---|---|---|---|
| 2 | മുതിയോട്ടുമ്മൽ എസ്റ്റേറ്റ് നടപ്പാത കോൺക്രീറ്റ് | 81796 | 63224 | 18572 | ശ്രീ.ജഗീഷ് കുമാർ |
| 3 | ചാലിൽ തൊടിക പെരുമ്പടപ്പ് നടപ്പാത കോൺക്രീറ്റ് | 103159 | 79685 | 23474 | ശ്രീ.ജഗീഷ് കുമാർ |
| 4 | ജോർദ്ദാൻ ആകാശപ്പറമ്പ് നടപ്പാത | 111423 | 78385 | 33038 | ശ്രീ.ബിജോ.കെ.പി |
| 5 | മോതിരപ്പാറ കോളനി ഫൂഡ്പാത്ത് കോൺക്രീറ്റ് | 110660 | 78052 | 32608 | ശ്രീ.ബിജോ.കെ.പി |
| 6 | കൊട്ടുക്കാട്ടുപാറ ഫുഡ് പാത്ത് കോൺക്രീറ്റ് | 110483 | 76837 | 33646 | ശ്രീ.ബിജോ.കെ.പി |
| 7 | പാറപ്പട്ടി മധുരമൂല വാട്ടർ ടാങ്ക് ഫുഡ്പാത്ത് കോൺക്രീറ്റ് | 112305 | 84197 | 28108 | ശ്രീ.ജഗീഷ് കുമാർ |
| | ആകെ | | | 238516 | |

ഈ ഫയലുകളിലെല്ലാം കരാറുകാർ മെറ്റീരിയലുകൾ വാങ്ങിയ ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള തുകയാണ് മുകളിൽ കൊടുത്തിട്ടുള്ളത്.

പ്രവൃത്തിയ്ക്ക് വേണ്ട മെറ്റീരിയൽ മേൽ ക്രഷറിൽ നിന്ന് ഗ്രാമ പഞ്ചായത്ത് നേരിട്ട് വാങ്ങിയിരുന്നെങ്കിൽ, മുകളിൽ ഉദാഹരണമായി ചേർത്ത ഏഴ് പ്രവൃത്തികളിൽ നിന്ന് മാത്രം ഗ്രാമപഞ്ചായത്തിന് 238516/- രൂപ ചെലവിൽ ലാഭിക്കാമായിരുന്നു.

എൻ.ആർ.ഇ.ജി.എസ് പ്രവർത്തിക്ക് ഉള്ള എസ്റ്റിമേറ്റിൽ ഡി.എസ്.ആർ. പ്രകാരമുള്ള മെറ്റീരിയൽ റേറ്റ് ആണ് Seccure സോഫ്റ്റ്വെയറിൽ ഉള്ളള്ളത്. അതാണ് ലോക്കൽ റേറ്റുമായി ഇത്രയധികം വില വ്യത്യാസം ഉണ്ടാകാനിടയായത്. കൂടാതെ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിന് സർക്കാർ പുറപ്പെടുവിച്ച 30.03.2012 ലെ 93/12/തസ്വഭവ ഉത്തരവിൽ കരാറുകാരിൽ നിന്ന് മെറ്റീരിയൽ വാങ്ങാമെന്ന് നിർദ്ദേശിച്ചിട്ടില്ല. കൂടാതെ 29.11.2010 ലെ ഭാരത സർക്കാർ മിനിസ്ട്രി ഓഫ് റൂറൽ ഡെവലപ്പ്മെന്റിന്റെ നിർദ്ദേശം ഖണ്ഡിക 2 (B)(IV) ൽ മെറ്റീരിയൽ വില റീസണബിൾ ആണെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്.

ഇവിടെ മേൽ നിർദ്ദേശത്തിന്റ വിരുദ്ധമായി മെറ്റീരിയൽ പഞ്ചായത്ത് പ്രദേശത്തെ ക്രഷറിൽ നിന്ന് വാങ്ങേണ്ടതിന് പകരം, വിതരണത്തിനായി കരാറുകാരെ ഏല്പിച്ച് നൽകി. കൂടാതെ വില ന്യായമാണെന്ന് ഉറപ്പ് വരുത്തിയതുമില്ല. ഇത് മൂലം എൻ.ആർ.ഇ.ജി.എസ് ഫണ്ടിൽ 2019-20, 2020-21, 2021-22 വർഷത്തിൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി വേണ്ട ജാഗ്രത പുലർത്തിയില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ മെറ്റീരിയൽ സപ്ലൈ ലാഭകരമായരീതിയിൽ നടത്തി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-15 വെള്ളക്കരം, വൈദ്യുത ചാർജ്ജ് എന്നീ ഇനങ്ങളിൽ കുടിശ്ശിക ഇല്ലാതിരിക്കെ ഗ്രാന്റിൽ നിന്നും സർക്കാർ ഈയിനങ്ങളിൽ തുക കുറവ് ചെയ്തു.

തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് 2019-20 വർഷം കെ. എസ്. ഇ. ബി, കേരളാ വാട്ടർ അതോറിറ്റി എന്നിവ നിശ്ചയിച്ച നൽകിയ പ്രകാരമുള്ള വൈദ്യുത ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ കൃത്യമായി അടവാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിലും വൈദ്യുത ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നീ ഇനങ്ങളിൽ ഗ്രാമ പഞ്ചായത്തിന് ഈ സ്ഥാപനങ്ങളിൽ കുടിശ്ശികയുള്ളതായി രേഖകളില്ല. ഇപ്രകാരം കെ. എസ്. ഇ. ബി, കേരളാ വാട്ടർ അതോറിറ്റി എന്നിവയിൽ ഗ്രാമ പഞ്ചായത്തിന് കുടിശ്ശികയില്ലാത്ത സാഹചര്യത്തിലും സർക്കാർ ഗ്രാമ പഞ്ചായത്തിന് ഫണ്ട് അനുവദിക്കുന്ന അവസരത്തിൽ കെ. എസ്. ഇ. ബി, കേരളാ വാട്ടർ അതോറിറ്റി കുടിശ്ശിക എന്നീ ഇനങ്ങളിൽ ഗ്രാന്റിൽ നിന്നും ( വികസന ഫണ്ടിൽ നിന്നും ) താഴെ പറയും പ്രകാരം തുക ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഗ്രാന്റ് അനുവദിച്ച സർക്കാർ ഉത്തരവ് നമ്പർ, തീയതി | ഗ്രാന്റിൽ നിന്നും കുറവ് ചെയ്ത വാട്ടർ ചാർജ്ജ് കുടിശ്ശിക | ഗ്രാന്റിൽ നിന്നും കുറവ് ചെയ്ത വൈദ്യുത ചാർജ്ജ് കുടിശ്ശിക |
|---|---|---|---|
| 1 | സ. ഉ. (സാധാ) നം. 2772/2019/ധന. തീയതി 3.4.2019 | 1,255 | 5,798 |
| 2 | സ. ഉ. (സാധാ) നം. 6105/2019/ധന. തീയതി 1.8.2019 | 1,255 | --- |
| | ആകെ | 2,510 | 5,798 |

1.8.2019 ലെ സ. ഉ. (സാധാ) നം. 6105/2019/ധന. നമ്പർ ഉത്തരവ് ഖണ്ഡിക 6 – ൽ " ഏതെങ്കിലും പ്രാദേശിക സർക്കാരുകളിൽ നിന്ന് അധിക വെള്ളക്കരം ഈടാക്കിയിട്ടുള്ള പക്ഷം അവർ നേരിട്ട് ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് തുക പുതുക്കി നിശ്ചയിച്ച ശേഷം ആയതിന്റെ വിശദാംശങ്ങൾ ആ സ്ഥാപനം വഴി സർക്കാരിനെ അറിയിക്കേണ്ടതാണ് " എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന് വാട്ടർ ചാർജ്ജ് ഇനത്തിൽ കേരളാ വാട്ടർ അതോറിറ്റിയിൽ കുടിശ്ശിക ഇല്ലാത്ത സാഹചര്യത്തിലും സർക്കാർ ഗ്രാന്റിനത്തിൽ ഉത്ഭവത്തിൽ കുറവ് ചെയ്ത 2,510 രൂപ സർക്കാരുമായി ബന്ധപ്പെട്ട് (കേരളാ വാട്ടർ അതോറിറ്റി വഴി ) തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ജനസാന്ദ്രതയേറിയ പ്രദേശങ്ങളിൽ മരണാനന്തര ക്രിയകൾക്ക് മറ്റ് പ്രദേശങ്ങളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യമുള്ളതിനാൽ നിലവിലുള്ള ഗ്രാമപഞ്ചായത്തിലെ ശ്മശാന ഭൂമിയിൽ ക്രിമിറ്റോറിയം സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടെ 2017-18 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത്. 2018-19 വർഷത്തിൽ ഇതിനായി ഷെഡ് നിർമ്മിക്കുകയും ശവസംസ്കരണത്തിനായുള്ള ഒരു ഉപകരണം വാങ്ങുകയും ചെയ്തു. മറ്റ് സൗകര്യങ്ങളൊന്നും ഒരുക്കാതെയായിരുന്നു ഈ ഉപകരണം സ്ഥാപനത്തിൽ എത്തിച്ചത്. മാത്രമല്ല, ശ്മശാനത്തിനായി ഉണ്ടാക്കിയ ഷെഡിൽ ഉൾക്കൊള്ളുന്നതിലും വലിയ ഉപകരണമായിരുന്നു ഇപ്രകാരം വാങ്ങിയിരുന്നത്. പിന്നീട് കെട്ടിടത്തിന്റെ വിപുലീകരണം, മറ്റുള്ള ഉപകരണങ്ങൾ വാങ്ങൽ, ത്രീ ഫേസ് കണക്ഷൻ എടുക്കൽ, ജനറേറ്റർ വാങ്ങൽ, ഗ്യാസ് ചേംബർ ഒരുക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്. 2018-19 വർഷം മുതൽ 2020-21 വരെ ഇതിനായി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|
| 245/18-19 - ഗ്യാസ് ക്രിമറ്റോറിയത്തിലേക്ക് ആവശ്യമായ മെഷിനറികളും ജനറേറ്ററും സ്ഥാപിക്കൽ (സ്പിൽ ഓവർ) | സെക്രട്ടറി | 2700000<br>(1200000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>600000- ശുചിത്വ മിഷൻ ഫണ്ട്<br>900000-ബ്ലോക്ക് ഫണ്ട് | 563616<br>0<br>0 |
| 206/18-19 - ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം (സ്പിൽ ഓവർ) | അസിസ്റ്റന്റ് എഞ്ചിനീയർ | 1200000<br>(400000-<br>100000-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 400000<br>100000<br>0 |

| | | | |
|---|---|---|---|
| | | 250000- ശുചിത്വ മിഷൻ ഫണ്ട്<br>450000-ബ്ലോക്ക് ഫണ്ട് | 345887 |
| 221/18-19 - പൊതു ശ്മശാനം നിർമ്മിക്കൽ (സ്പിൽ ഓവർ) | അസിസ്റ്റന്റ് എഞ്ചിനീയർ | 2000000<br>(1000000- ശുചിത്വ മിഷൻ ഫണ്ട്<br>1000000-ബ്ലോക്ക് ഫണ്ട് | 0<br>0 |
| 107/19-20 - ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കൽ - തുക നൽകൽ | സെക്രട്ടറി | 900000<br>(800000- വികസന ഫണ്ട്<br>600000-തനത് ഫണ്ട് | 500000<br>0 |
| 226/19-20 - ഗ്യാസ് ക്രിമറ്റോറിയം ഭൗതിക സാഹചര്യം ഒരുക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 1008700<br>(677400- വികസന ഫണ്ട്<br>331300-തനത് ഫണ്ട് | 0<br>0 |
| 245/19-20 - ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - ബാക്കി തുക നൽകൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 24331 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 24331 |
| 218/19-20 - ഗ്യാസ് ക്രിമറ്റോറിയത്തിലേക്ക് ആവശ്യമായ മെഷിനറികൾ സ്ഥാപിക്കൽ | സെക്രട്ടറി | 2136384<br>(636384- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>600000- ശുചിത്വ മിഷൻ ഫണ്ട്<br>900000-ജില്ലാ പഞ്ചായത്ത് ഫണ്ട് | 500000<br>0<br>0 |
| 268/20-21 - ഗ്യാസ് ക്രിമറ്റോറിയത്തിലേക്ക് ആവശ്യമായ മെഷിനറികളും ജനറേറ്ററും | വിവിധസെക്രട്ടറിവിവിധ | 1636384<br>(136384 | 136384<br>0 |

| | | | |
|---|---|---|---|
| സ്ഥാപിക്കൽ (സ്പിൽ ഓവർ) | | -ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>600000- ശുചിത്വ മിഷൻ ഫണ്ട്<br>900000-ബ്ലോക്ക് ഫണ്ട് | 389760 |
| 270/20-21 – ഗ്യാസ് ക്രിമറ്റോറിയത്തിലേക്ക് മെഷിനറി സ്ഥാപിക്കൽ – ബാക്കി തുക നൽകൽ | സെക്രട്ടറിവിവിധ | 400000<br>(300000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>100000- വികസന ഫണ്ട് | 300000<br>100000 |
| 323/20-21 – ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തന ക്ഷമമാക്കൽ | സെക്രട്ടറി | 800000<br>-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 |
| 253/20-21 – ഗ്യാസ് ക്രിമറ്റോറിയം ഭൗതിക സാഹചര്യം ഒരുക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 1008700<br>(677400- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>331300- വികസന ഫണ്ട് | 675880<br>331300 |

2021-22 സാമ്പത്തിക വർഷത്തിലും ഇതിലേക്കാവശ്യമായ പ്രവർത്തികൾ തുടർന്നു കൊണ്ടിരിക്കുകയാണ്. 14.01.22 ന് ഗ്യാസ് ക്രിമറ്റോറിയത്തിൽ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചീനീയർ എന്നിവരുടെ സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തി. ഇവിടെ ശ്മശാനത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രവേശന സ്ഥലം കാടു പിടിച്ചിരിക്കുന്ന അവസ്ഥയിലാണ്. ക്രിമറ്റോറിയം നിർമ്മാണ ചുമതല ഏറ്റെടുത്ത സിൽക്ക് (SILK) എന്ന സ്ഥാപനം നിർമ്മാണം പൂർത്തിയാക്കി താക്കോൽ ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടില്ലാത്തതിനാൽ ശ്മശാനത്തിലേയ്ക്ക് പ്രവേശിക്കാൻ സാധിച്ചിട്ടില്ല. നിർമ്മിച്ചിട്ടുള്ള ടോയ് ലെറ്റുകൾ, ഓഫീസുകൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉപയോഗിക്കാതെ പൊടി പിടിച്ച് നശിക്കുന്ന അവസ്ഥയിലാണ്. ഗ്യാസ് ചേംബറിൽ സ്ഥാപിച്ചിട്ടുള്ള ഗ്യാസ് കണക്ഷനുകൾ തുരുമ്പെടുത്ത അവസ്ഥയിലാണ്. ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തിപ്പിക്കുന്നതിന് സ്റ്റീമിങ്ങിനായി ജല ലഭ്യത ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഗ്യാസ് ക്രിമറ്റോറിയത്തിലേയ്ക്ക് ജല ലഭ്യത ഉറപ്പു വരുത്താതെയാണ് ഈ പ്രവർത്തികളെല്ലാം നടത്തുന്നത്. 2017-18 വർഷത്തിൽ ആരംഭിച്ച് 2021-22 വർഷം വരെയും പദ്ധതികൾ 5 വർഷത്തോളം നീണ്ടു പോയിട്ടും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. കോവിഡ് കാലഘട്ടത്തിൽ വർദ്ധിച്ച മരണ നിരക്ക് ഉണ്ടായ സാഹചര്യത്തിലും മൃതദേഹങ്ങൾ സംസ്കരിക്കുന്നതിനായി വൻ തുക ചെലവഴിച്ച് കാരശ്ശേരി, പുതുപ്പാടി തുടങ്ങിയ ഗ്രാമ പഞ്ചായത്തുകളെ ആശ്രയിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. ഗ്യാസ് ക്രിമറ്റോറിയത്തിലേയ്ക്കാവശ്യമായ പല ഉപകരണങ്ങളും 2018-19 വർഷത്തിൽ തന്നെ ലഭ്യമായിട്ടുണ്ട്. ആയതിന്റെ ഗ്യാരണ്ടി കാലയളവ്

കഴിഞ്ഞോ എന്ന് വ്യക്തമല്ല. കെട്ടിട സൗകര്യങ്ങളും വൈദ്യുതി, ജനറേറ്റർ എന്നിവ ഒരുക്കുന്നതിന് മുൻപ് തന്നെ മെഷിനറികൾ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ടെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികളിൽ ജനറേറ്റർ റൂം സ്ഥാപിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും സ്ഥല സന്ദർശനം നടത്തിയതിൽ ജനറേറ്റർ ശ്മശാനത്തിന്റെ മുൻപിൽ തുറസ്സായ സ്ഥലത്താണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് കണ്ടു. ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/19-20 /14.01.22) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾക്ക് കാരണം വിശദീകരിച്ചിട്ടില്ല. ക്രിമറ്റോറിയം പദ്ധതികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കേണ്ടതാണ്. 2019-20 വർഷത്തിൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച 10,24,331 രൂപ ( 5,00,000 രൂപ – ബിൽ നമ്പർ 14441/29.08.19, 5,00,000 രൂപ - ബിൽ നമ്പർ – 708960/19.10.19, 24,331 രൂപ – ബിൽ നമ്പർ-305522/19.02.20) തടസ്സത്തിൽ വെയ്ക്കുന്നു.

1-17 മൃഗാശുപത്രി നാൽപ്പതുമേനി ക്രോസ്സ് റോഡ് നിർമ്മാണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്റ്റ് - 184/19 -20 (സ്പിൽ ഓവർ)

എംബുക്ക് - 320/19-20

പ്രവൃത്തിമൂല്യം – 1200000 രൂപ, വികസന ഫണ്ട് ജനറൽ

ചെലവ് - 884062 രൂപ, ബിൽ നം. 359963/19.07.19

കരാറുകാരൻ - ശ്രീ. വില്ലിങ്ങ്ടൺ സാമുവൽ

കരാർ - 80/17-18/05.03.2018

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) ആസ്തി രജിസ്റ്ററിൽ ഇല്ലാത്ത സ്ഥലത്ത് നിർമ്മാണ പ്രവർത്തി നടത്തി

പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള ഈ പ്രവർത്തി പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത സ്ഥലത്താണ് നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനത്തിന്റെ കീഴിലും നിയന്ത്രണത്തിലുമുള്ള സ്ഥാപനങ്ങളിലും ആസ്തികളിലുമാണ് നിർമ്മാണ പ്രവർത്തികൾ നടത്തേണ്ടത്. ഇതിന് വേണ്ടി ചെലവഴിച്ചിട്ടുള്ള തുക ആസ്തി മൂല്യമായി ആസ്തി രജിസ്റ്ററിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടില്ല. ഈ റോഡിനായുള്ള സ്ഥലം വിട്ടുകൊടുത്ത 22 ഗുണഭോക്താക്കൾ റിലിങ്ക്വിഷ്മെന്റ് ഫോറം നൽകിയിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല .

മേൽ പ്രൊജക്ട് പ്രകാരം കരാറുകാരൻ 05.03.18 ന് പഞ്ചായത്തുമായി കരാർ വെച്ച് പ്രവൃത്തി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. 102 മീറ്റർ നീളത്തിൽ 2 മീറ്റർ ഉയരത്തിൽ റീടെയ്നിങ്ങ് വാൾ നിർമ്മിച്ച് മണ്ണിട്ട് ലെവൽ ചെയ്യുന്നതിനാണ് പ്രവർത്തി നടപ്പിലാക്കിയത്. എന്നാൽ പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല. പ്രവർത്തി പൂർത്തിയാക്കേണ്ട സമയം സംബന്ധിച്ച് പ്രൊജക്ട് കലണ്ടർ കരാറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. സാങ്കേതിക അനുമതി പ്രകാരം മൂന്ന മാസം കൊണ്ട് പൂർത്തിയാകേണ്ട പ്രവർത്തിയാണിത്. പ്രവൃത്തി ആരംഭിയ്ക്കുന്നത് തന്നെ പൂർത്തീകരണ കാലാവധി കഴിഞ്ഞാണ്. 03.01.2019 ൽ തുടങ്ങിയ പ്രവർത്തി 30.03.2019 ൽ പൂർത്തിയാക്കി. കരാർപ്രകാരം 04.06.18 ന് പൂർത്തിയാകേണ്ട പ്രവർത്തിയാണിത്. കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവർത്തി പൂർത്തിയാക്കാത്തതിന്ന് കരാറുകാരനെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഉണ്ടായതായി ഫയലിൽ വ്യക്തമല്ല. 14.01.2022 ന് സ്ഥലം സന്ദർശിച്ചതിൽ റോഡ് പ്രവർത്തി നടത്തുന്നതിന് യാതൊരു തടസ്സവും ഇല്ലാത്ത പ്രദേശമാണത്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ.(പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ചു നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തിയിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാർക്കെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയതിനും പ്രവൃത്തി വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 20/2019-20 14.1.22) മറുപടി ലഭ്യമാക്കിയിട്ടില്ല. എം. ബുക്ക് പ്രകാരം കരാർ കാലാവധി കഴിഞ്ഞ് 03.01.2019 നാണ് പ്രവർത്തി തുടങ്ങിയത്. പ്രവർത്തി എഗ്രിമെന്റിനോടൊപ്പം പ്രവർത്തി കലണ്ടർ ഇല്ല. ടി. എസ് സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധി മൂന്ന് മാസമാണ്.

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ

2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ. ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവർത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. വളരെയധികം കാലം കഴിഞ്ഞാണ് പ്രവർത്തി ആരംഭിക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീകരിക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാരനെതിരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതും പൊതുമരാമത്ത് മാന്വൽ പ്രകാരം പ്രകാരം പി.എ.സി തുകയുടെ ( 922491.95 രൂപ ) 3% തുക 27,675 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നത് വരെ നിരാകരിച്ച തുക കഴിച്ചുള്ള ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-18 പുല്ലൂരാംപാറ - ചെറുശ്ശേരി റോഡ് നിർമ്മാണം പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി | - | എസ്. ഒ 229/19-20 (സ്പിൽ ഓവർ) |
| കരാറുകാരൻ | - | ശ്രീ. ജമാൽ. ഇ |

നബാർഡ് RIDF പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ വികസന കമ്മീഷണറുടെ 20.06.2017 ലെ 9106/r&i 4/17/CRD നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പുല്ലൂരാംപാറ – ചെറുശ്ശേരി റോഡ് നിർമ്മാണത്തിനായി ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടർ തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന് 1,85,00,000 രൂപ അനുവദിച്ചിരുന്നു. എന്നാൽ പദ്ധതി പ്രകാരമുള്ള റോഡ് നിർമ്മാണ പ്രവർത്തികൾ നാളിതുവരെ പൂർത്തിയായിട്ടില്ല. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഭരണാനുമതി ലഭിയ്ക്കാതെ പദ്ധതി തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങി പദ്ധതി നടപ്പിലാക്കുന്നു.

22.07.2017 ലെ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടറുടെ ഇ-264/17 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ നബാർഡ് RIDF ട്രാഞ്ചെ (17-18) പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭ്യമായ പദ്ധതിയാണ് പുല്ലൂരാംപാറ – ചെറുശ്ശേരി റോഡ് പദ്ധതി. നബാർഡ് കേരള റീജിയനൽ ഡെപ്യൂട്ടി മാനേജരുടെ 17.10.18 ലെ SPD/1879/RIDF-XXIV-174 PSC&31/ISO/18-19 കത്തിൽ ഈ പദ്ധതിയ്ക്ക് സംസ്ഥാന സർക്കാറിന്റെ ഭരണാനുമതിയ്ക്ക് വിധേയമായി മാത്രമേ അനുവാദം ലഭിയ്ക്കുകയുള്ളൂ എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 13.11.2018 ലെ ജി.ഒ.(ആർടി )/2892/18/LSGD നമ്പർ ഉത്തരവ് പ്രകാരം 1,85,00,000 രൂപയുടെ ഭരണാനുമതി ഈ പദ്ധതിയ്ക്ക് ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ 31.07.17 ലെ 22(സി) നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് ഈ പദ്ധതിയ്ക്ക് വിശദമായ DPR, എസ്റ്റിമേറ്റ് റിപ്പോർട്ട്, സ്ഥല ലഭ്യത, സൈറ്റ് പ്ലാൻ ഡിസൈൻ, ഡ്രോയിങ്ങ് തുടങ്ങിയ എല്ലാ ആവശ്യ രേഖകളും ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലായിരുന്നു പദ്ധതിയ്ക്ക് അനുവാദം ലഭിച്ചിരുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്ത് പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കിയിരുന്നില്ല. പിന്നീട് കോസ്റ്റ് ഇൻഡക്സിലും ജി.എസ്.ടി യിലും ഒക്കെ മാറ്റം വന്നത് പ്രകാരം സാങ്കേതിക അനുമതി ലഭിയ്ക്കാനായി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 2,44,10,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരികയും അതിന് സാങ്കേതിക അനുമതി ലഭ്യമാക്കി 2019-20, 2020-21 വർഷങ്ങളിൽ നടപ്പിലാക്കി വരുന്നുമുണ്ട്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കാതെ പദ്ധതി നടപ്പിലാക്കുന്നതിനാലാണ് ഈ പദ്ധതിയ്ക്ക് കേന്ദ്ര വിഹിതമായി ലഭിച്ച തുക വിനിയോഗിക്കാൻ കഴിയാത്തത്. 8.09.21 ൽ എ2/173/21 നമ്പർ കത്ത് പ്രകാരം പുതുക്കിയ തുകയ്ക്ക് ഭരണാനുമതി ലഭിയ്ക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന് പ്രൊജക്ട് ഡയറക്ടർക്ക് കത്തെഴുതിയിട്ടുണ്ടെങ്കിലും

(ഭരണ സമിതി തീരുമാനം 28/8.7.21) നാളിതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ല. 2019-20, 2020-21 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|
| 229/2019-20 | 19174348<br>കേന്ദ്ര ഫണ്ട്-14800000<br>തനത് ഫണ്ട്-4374348 | 0<br>0 |
| 123/2020-21 | 24410000<br>കേന്ദ്ര ഫണ്ട്-14800000<br>തനത് ഫണ്ട്-4610000<br>എം.എൽ.എ ഫണ്ട്-5000000 | 0<br>1000000<br>0 |

2. ആവശ്യമായ റിക്കവറികൾ നടത്താതെ പാർട്ട് ബിൽ അനുവദിച്ചു

ടെണ്ടർ പ്രകാരം ശ്രീ. ജമാൽ ഇ കരാർ ഏറ്റെടുത്ത പ്രവർത്തിയിൽ 2020-21 വർഷത്തിൽ 2.2.21 മുതൽ 25.3.21 വരെ 2132850 രൂപയുടെ പ്രവർത്തി നടത്തുകയും പാർട്ട് ബിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തനത് ഫണ്ടിൽ നിന്ന് 1000000 രൂപ ചെലവഴിച്ച് നടത്തിയ പെയ്മെന്റിൽ നിന്ന് ജി.എസ്.ടി., ടി.ഡി.എസ്, ആദായ നികുതി, തൊഴിലാളി ക്ഷേമനിധി എന്നിവയൊന്നും ഈടാക്കാതെ 10,00,000 രൂപ കരാറുകാരന്റെ അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ചെയ്തത്.

3. പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്ത് തനത് ഫണ്ട് അധികം വിനിയോഗിക്കേണ്ടി വന്നതും കേന്ദ്ര ഫണ്ട് ലാപ്സാകുന്നതും.

2017-18 വർഷത്തിൽ അനുവാദം കിട്ടിയ ഫണ്ട് വിനിയോഗിക്കുന്നതിനായി ആദ്യമായി പദ്ധതി തയ്യാറാക്കിയത് 2019-20 വർഷത്തിൽ ആണ്. പദ്ധതിയ്ക്കായി ലഭിയ്ക്കേണ്ട കേന്ദ്ര ഫണ്ട് വിനിയോഗിക്കേണ്ട കാലാവധി എത്രവരെയാണെന്ന് വ്യക്തമല്ല. ആയതിനാൽ തന്നെ പ്രവർത്തി പെട്ടെന്ന് തന്നെ പൂർത്തിയായില്ലെങ്കിൽ പദ്ധതിയ്ക്കായി അനുവദിക്കപ്പെട്ട ഫണ്ട് നഷ്ടപ്പെടാനിടയുണ്ട്. കൂടാതെ സമയ ബന്ധിതമായി നടപ്പിലാക്കാത്തത് മൂലം എസ്റ്റിമേറ്റ് റീവൈസ് ചെയ്യേണ്ടി വരികയും എസ്റ്റിമേറ്റ് തുക 1,85,00,000 ൽ നിന്ന് 2,44,10,000 രൂപയായി ഉയർന്നതിനാൽ 59,10,000 രൂപ പഞ്ചായത്ത് അധികമായി വകയിരുത്തേണ്ടതായും വന്നിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിട്ടില്ല (നം. 16/ 19-20 തിയ്യതി 14.1.22). അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കേന്ദ്ര ഫണ്ട് നഷ്ടപ്പെടുത്താതെ പ്രവർത്തി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-19 പ്രളയ ഫണ്ട് ചെലവഴിക്കാതെ നഷ്ടപ്പെടുത്തി

2018 ലെ പ്രളയത്തിൽ മണ്ണിടിച്ചിലിലും ഉരുൾ പൊട്ടലിലും നാശനഷ്ടം സംഭവിച്ചിട്ടുള്ള പ്രാദേശിക സർക്കാറുകൾക്ക് 19.02.21 ലെ ജിഒ(സാധാ) 1381/20/ധനം നമ്പർ ഉത്തരവ് പ്രകാരം പ്രത്യേക വിഹിതം അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കേരളത്തിൽ 102 ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമായ പ്രളയഫണ്ടിൽ തിരുവമ്പാടി ഗ്രാമ പഞ്ചായത്തിന് താഴെ കാണിച്ച പ്രകാരം 26,28,284 രൂപ അനുവദിച്ചിട്ടുണ്ട് .

| ഫണ്ട് | തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 20,00,000 |

| | |
|---|---|
| വികസന ഫണ്ട് എസ്.സി.പി | 624188 |
| വികസന ഫണ്ട് ടി.എസ്.പി | 4096 |
| ആകെ | 2628284 |

എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ തുക വിനിയോഗിച്ച് യാതൊരു പ്രവർത്തികളും നടത്തിയില്ല. 2018 പ്രളയത്തിൽ വളരെയധികം നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ള ഗ്രാമ പഞ്ചായത്തിൽ ഈ ഫണ്ട് വിനിയോഗിച്ച് പ്രളയക്കെടുതിയിൽ നഷ്ടപ്പെട്ട ആസ്തിയും മറ്റും പുനർ നിർമ്മിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടു. 6.3.20 തിയ്യതിയിൽ നടന്ന ഗ്രാമ പഞ്ചായത്തിന്റെ അടിയന്തിരയോഗത്തിലെ 2/2 നമ്പർ തീരുമാന പ്രകാരം പ്രസ്തുത തുകയ്ക്കുള്ള പദ്ധതികൾ ആവിഷ്കരിച്ച് ഭേദഗതിയിൽ ഉൾപ്പെടുത്തി ഡി.പി.സി. അംഗീകാരം വാങ്ങുന്നതിലേക്കായി തീരുമാനം എടുത്തിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച് യാതൊരു തുടർ നടപടികളും എടുക്കാതെ ഫണ്ട് പാഴാക്കുകയാണ് ചെയ്തത്. പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സ് ,സ്റ്റാന്റിങ്ങ് കമ്മറ്റി മിനുട്സ് എന്നിവ പരിശോധിച്ചതിൽ ഇത് സംമ്പന്ധിച്ച യാതൊരു ചർച്ചയും നടന്നതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.18/ 19-20 തിയ്യതി 14.1.22 ) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഫണ്ട് തുടർ വർഷങ്ങളിലേക്ക് വിനിയോഗിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - വിതരണ രജിസ്റ്റർ സൂക്ഷിച്ചില്ല

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - വിതരണ രജിസ്റ്റർ സൂക്ഷിച്ചില്ല.

നിർവഹണ ഉദ്യോഗസ്ഥൻ : ഐ. സി. ഡി. എസ്. സൂപ്പർവൈസർ

പ്രോജക്ട് നമ്പർ : 39/20

പ്രോജക്ട് : ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്

2019-20 വർഷത്തിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനായി 14,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | ബിൽ /സാങ്ഷൻ ഓർഡർ, നമ്പർ | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 7/7-02-20 | 8,00,000 | 66 |
| 2 | 228/22-02-20 | 3,00,000 | 44 |
| 3 | 229/22-02-20 | 1,62,000 | 64 |
| 4 | 294/19-03-20 | 1,38,000 | 44 |
| | ആകെ | 14,00,000 | |

ശാരീരീക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് മാസം തോറും നൽകുമ്പോൾ ഇക്കാര്യം നിരീക്ഷിക്കുന്നതിനായി വിതരണ രജിസ്റ്റർ സൂക്ഷിക്കേണ്ടതും സ്കോളർഷിപ്പ് നൽകുമ്പോൾ

ഇതിൽ രേഖപ്പെടുത്തേണ്ടതുമായിരുന്നു. എന്നാൽ സ്കോളർഷിപ്പ് വിതരണം നിരീക്ഷിക്കുന്നതിനായി പഞ്ചായത്ത് രജിസ്റ്റർ സൂക്ഷിക്കുകയുണ്ടായിട്ടില്ല. രജിസ്റ്റർ സൂക്ഷിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 12/19-20 ന് മറുപടി നൽകിയിട്ടില്ല.

## 1-21 ഹോമിയോ മരുന്നുകൾ - 2019-20 ലേക്ക് ലഭ്യമാക്കിയത് 2021-22 ലെ ഓർഡർ പ്രകാരം ഉള്ളവ

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രോജക്ട് നമ്പർ : 131/20

പ്രോജക്ട് : ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ

ബിൽ നമ്പർ, തുക : 1/26-11-2019 - 2,00,000/-

ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങുന്നതിനായി 2,00,000/- രൂപ ഹോംകോയ്ക്ക് മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. ടാക്സ് ഇൻവോയ്സ് നമ്പർ എൽ. എഫ്-1954/എ/20-21/17-12-2021 പ്രകാരം ഹോംകോ ആശുപത്രിയിലേക്ക് മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇങ്ങനെ വിതരണം ചെയ്ത ടാക്സ് ഇൻവോയ്സിൽ പറഞ്ഞിരിക്കുന്നത്, 25-10-2021 ലെ 27/എ/20-21 നമ്പർ ഓർഡർ പ്രകാരമുള്ള മരുന്നുകളാണ് തങ്ങൾ വിതരണം ചെയ്തിരിക്കുന്നതെന്നാണ്. ഹോംകോ പറഞ്ഞതിൻ പ്രകാരമാണെങ്കിൽ മരുന്ന് വിതരണം ചെയ്തിരിക്കുന്നത് 2021-22 വർഷത്തിലെ ഓർഡർ അനുസരിച്ചാണ്. ബിൽ നമ്പർ 1/26-11-2019 ആയി പിൻവലിച്ച് ഹോംകോയ്ക്ക് കൈമാറിയ 2,00,000/- രൂപയ്ക്കുള്ള 2019-20 ലെ ഓർഡർ പ്രകാരമുള്ള മരുന്നുകൾ സ്ഥാപനത്തിൽ ലഭ്യമാവാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് (13/19-20 ന് ) മറുപടി നൽകിയിട്ടില്ല. 2019-20 ലെ ഓർഡർ പ്രകാരമുള്ള മരുന്നുകൾ സ്ഥാപനത്തിൽ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 എസ് എസ് എ വിഹിതം - വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ : 47/20

പ്രോജക്ട് : എസ്. എസ്. എ. വിഹിതം നൽകൽ

ബിൽ നമ്പർ,തുക : 1/4-11-2019, 6,00,000/-

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ. ക്ക് 6,00,000/- രൂപ കൈമാറിയിട്ടുണ്ട്. സമഗ്ര ശിക്ഷ കേരള കുന്ദമംഗലം ബി. ആർ. സി. 2019-20 വാർഷിക വർക്ക് പ്ളാനും ബജറ്റും അനുസരിച്ചുള്ള 10 ഇനങ്ങളിലെ ചെലവുകൾക്കായാണ് തുക കൈമാറിയത്. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 07.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ്

കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദമായ പ്രൊജക്റ്റുകളുടെ രൂപരേഖയോ വിശദമായ വിനിയോഗ സാക്ഷ്യപത്രമോ ഇല്ലാതെ കൃത്യമായ മോണിട്ടറിംഗ് സാധ്യമാവുകയില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 14/19-20 ന് മറുപടി നൽകിയിട്ടില്ല.

1-23 അങ്കണവാടി പോഷകാഹാരം പദ്ധതി - മോണിട്ടറിംഗ് ഫലപ്രദമല്ല

നിർവഹണ ഉദ്യോഗസ്ഥൻ : ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നമ്പർ : 6/20,46/20

പ്രോജക്റ്റ് : അങ്കണവാടി പോഷകാഹാരം പദ്ധതി

2019-20വർഷത്തിൽ അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികളുടെ ഭാഗമായി പഞ്ചായത്തിലെ അങ്കണവാടികൾ മുഖേന മൂന്ന വയസ്സു വരേയുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് വിതരണം ചെയ്യുതിനും അങ്കണവാടികളിലെ മൂന്ന വയസ്സ മുതൽ ആറു വയസ്സ വരേയുള്ള കുട്ടികൾക്ക് പോഷകാഹാരം നൽകിയതിനുമായി 31,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ.

| | ബിൽ /സാങ്ഷൻ ഓർഡർ നമ്പർ | തുക |
|---|---|---|
| 1 | 2/27-06-19 | 274155 |
| 2 | 3/27-06-19 | 385970 |
| 3 | 34/21-06-19 | 28040 |
| 4 | 105/25-10-19 | 26940 |
| 5 | 4/14-10-19 | 274155 |
| 6 | 5/14-10-19 | 315392 |
| 7 | 6/7-02-20 | 508257 |
| 8 | 212/13-02-20 | 242071 |
| 9 | 213/13-02-20 | 107309 |
| 10 | 9/13-03-20 | 74134 |
| 11 | 274/12-03-20 | 596596 |

| | | |
|---|---|---|
| 12 | 373/31-03-20 | 166981 |
| 13 | 8/13-03-20 | 100000 |
| | | 3100000 |

പദ്ധതി രൂപീകരണത്തിലും മോണിട്ടറിംഗിലും നിർണ്ണായക പങ്ക് വഹിക്കേണ്ട ഒരു സുപ്രധാന ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. 2019-20 കാലഘട്ടത്തിൽ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് 3തവണയാണ് മീറ്റിംഗ് കൂടിയത്. 14-01-2020 ലും 10-02-2020, 09-03-2020 ലുമാണ് യോഗങ്ങൾ നടന്നത്. ഈ യോഗങ്ങളിലൊന്നും തന്നെ മോണിട്ടറിംഗ് സംബന്ധിച്ച യാതൊരു ചർച്ചകളും നടത്തിയിട്ടില്ല. പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കാണിക്കുന്നു.

എ). മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി). 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി). 7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു.

അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ തീർച്ചയായും സ്വീകരിക്കേണ്ടതായിരുന്നെങ്കിലും അപ്രകാരം പ്രവർത്തിക്കാതിരുന്നതിന് അഭിപ്രായവും വിശദീകരണവും നൽകേണ്ടതാണ് എന്ന ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 14/19-20 ന് മറുപടി നൽകിയിട്ടില്ല.

## 1-24 ക്ലീൻ തിരുവമ്പാടി - റിസോഴ്സ്സ് റിക്കവറി സെന്റർ നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

പൊതു മാലിന്യ സംസ്കരണത്തിനായി മിനി എം.ആർ.എഫ് പ്ലാന്റ് സ്ഥാപിക്കുക എന്ന ഉദ്ദേശത്തോടെ 2016-17 വർഷത്തിൽ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് ഒരു സൂപ്പർ എം.ആർ.എഫ് പദ്ധതി തിരുവമ്പാടി ഗ്രാമ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് അന്ന് നിർമ്മിച്ചിട്ടുള്ള മാലിന്യ സംസ്കരണ കേന്ദ്രം ഇപ്പോൾ ഒരു നിഷ്ക്രിയ ആസ്തിയായി തുടരുന്നു. കൊടുവള്ളി ബ്ലോക്കിലെ മുഴുവൻ ജൈവ – അജൈവ മാലിന്യങ്ങളും സംസ്കരിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ മാലിന്യ സംസ്കരണ കേന്ദ്രം നിർമ്മിച്ചിട്ടുള്ളത്. എന്നാൽ തിരുവമ്പാടി ഗ്രാമ പഞ്ചായത്തിലെ മാലിന്യങ്ങൾ പോലും സംസ്കരിക്കാതെ, അവ തുക നൽകി കയറ്റി അയയ്ക്കുന്ന രീതിയാണ് തുടരുന്നത്. ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റ്, ബെയിലിങ്ങ് യന്ത്രം എന്നിവ പ്രവർത്തിപ്പിക്കാതെ തുരുമ്പെടുക്കുന്ന അവസ്ഥയിലാണ്. മാലിന്യ സംസ്കരണ കേന്ദ്രത്തിൽ വലിയ വാട്ടർ ടാങ്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ജലലഭ്യത ഇല്ല. മാലിന്യ സംസ്കരണ കേന്ദ്രം പ്രവർത്തിപ്പിക്കാത്തതിനാൽ അടുത്തു തന്നെയുള്ള ഗ്രാമ പഞ്ചായത്തിന്റെ എം.സി.എഫിൽ മാലിന്യങ്ങൾ കൂമ്പാരമായി കിടക്കുന്ന

അവസ്ഥയാണ് ഉള്ളത്. ഹരിത സേനാംഗങ്ങൾ വേർതിരിക്കുന്ന മാലിന്യങ്ങൾ തുക നൽകി പുറത്ത് ഏജൻസികൾക്ക് നൽകുകയാണ് ചെയ്യുന്നത്. ഈ വിഷയം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി വികസന, ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ മുന്നിൽ വെയ്ക്കുന്നു.

നിഷ്ക്രിയ ആസ്തിയായി തുടരുന്ന ഗ്രാമ പഞ്ചായത്തിലെ മാലിന്യ സംസ്കരണ കേന്ദ്രത്തിലെ വിവിധ ദൃശ്യങ്ങൾ.




SCRAP GRINDER









അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 മൃഗാശുപത്രി നാൽപ്പതു മേനി ക്രോസ് റോഡ് നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്റ്റ് - 184/19 -20 (സ്പിൽ ഓവർ)

എംബുക്ക് - 320/19-20

പ്രവൃത്തിമൂല്യം – 1200000 രൂപ, വികസന ഫണ്ട് ജനറൽ

ചെലവ് - 884062 രൂപ, ബിൽ നം. 359963/19.07.19

കരാറുകാരൻ - ശ്രീ. വില്ലിങ്ങ്ടൺ സാമുവൽ

കരാർ - 80/17-18/05.03.2018

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) ആസ്തി രജിസ്റ്ററിൽ ഇല്ലാത്ത സ്ഥലത്ത് നിർമ്മാണ പ്രവർത്തി നടത്തി

പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള ഈ പ്രവർത്തി പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടാത്ത സ്ഥലത്താണ് നടത്തിയിട്ടുണ്ട്. തദ്ദേശ സ്ഥാപനത്തിന്റെ കീഴിലും നിയന്ത്രണത്തിലുമുള്ള സ്ഥാപനങ്ങളിലും ആസ്തികളിലുമാണ് നിർമ്മാണ പ്രവർത്തികൾ നടത്തേണ്ടത്. ഇതിന് വേണ്ടി ചെലവഴിച്ചിട്ടുള്ള തുക ആസ്തി മൂല്യമായി ആസ്തി രജിസ്റ്ററിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടില്ല. ഈ റോഡിനായുള്ള സ്ഥലം വിട്ടുകൊടുത്ത

22 ഗുണഭോക്താക്കൾ റിലിങ്ക്വിഷ്മെന്റ് ഫോറം നൽകിയിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല .

മേൽ പ്രൊജക്ട് പ്രകാരം കരാറുകാരൻ 05.03.18 ന് പഞ്ചായത്തുമായി കരാർ വെച്ച് പ്രവൃത്തി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. 102 മീറ്റർ നീളത്തിൽ 2 മീറ്റർ ഉയരത്തിൽ റീടെയ്നിങ്ങ് വാൾ നിർമ്മിച്ച് മണ്ണിട്ട് ലെവൽ ചെയ്യുന്നതിനാണ് പ്രവർത്തി നടപ്പിലാക്കിയത്. എന്നാൽ പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല. പ്രവർത്തി പൂർത്തിയാക്കേണ്ട സമയം സംബന്ധിച്ച് പ്രൊജക്ട് കലണ്ടർ കരാറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. സാങ്കേതിക അനുമതി പ്രകാരം മൂന്ന മാസം കൊണ്ട് പൂർത്തിയാകേണ്ട പ്രവർത്തിയാണിത്. പ്രവൃത്തി ആരംഭിയ്ക്കുന്നത് തന്നെ പൂർത്തീകരണ കാലാവധി കഴിഞ്ഞാണ്. 03.01.2019 ൽ തുടങ്ങിയ പ്രവർത്തി 30.03.2019 ൽ പൂർത്തിയാക്കി. കരാർപ്രകാരം 04.06.18 ന് പൂർത്തിയാകേണ്ട പ്രവർത്തിയാണിത്. കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവർത്തി പൂർത്തിയാക്കാത്തതിന്ന് കരാറുകാരനെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഉണ്ടായതായി ഫയലിൽ വ്യക്തമല്ല. 14.01.2022 ന് സ്ഥലം സന്ദർശിച്ചതിൽ റോഡ് പ്രവർത്തി നടത്തുന്നതിന് യാതൊരു തടസ്സവും ഇല്ലാത്ത പ്രദേശമാണത്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ.(പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ചു നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തിയിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാർക്കെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയതിനും പ്രവൃത്തി വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 20/2019-20 14.1.22) മറുപടി ലഭ്യമാക്കിയിട്ടില്ല. എം. ബുക്ക് പ്രകാരം കരാർ കാലാവധി കഴിഞ്ഞ് 03.01.2019 നാണ് പ്രവർത്തി തുടങ്ങിയത്. പ്രവർത്തി എഗ്രിമെന്റിനോടൊപ്പം പ്രവർത്തി കലണ്ടർ ഇല്ല. ടി. എസ് സ്ലിപ്പ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരണ കാലാവധി മൂന്ന് മാസമാണ്.

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ. ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്ക ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവർത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. വളരെയധികം കാലം കഴിഞ്ഞാണ് പ്രവർത്തി ആരംഭിയ്ക്കുന്നത്. ഇങ്ങനെ പ്രവർത്തി പൂർത്തീകരിയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാരനെതിരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതും പൊതുമരാമത്ത് മാന്വൽ പ്രകാരം പ്രകാരം പി.എ.സി തുകയുടെ ( 922491.95 രൂപ ) 3% തുക 27,675 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നത് വരെ നിരാകരിച്ച തുക കഴിച്ചുള്ള ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 07-01-2022 | - |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | 15000 | ഹരിത കേരളം നെൽ കൃഷി വികസനം | 0 | 15000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 680000 | ലൈഫ് ഭവന പദ്ധതി | 680000 | |
| | | 340000 | ലൈഫ് ഭവന പദ്ധതി (എസ് സി) (2018-19) | 340000 | |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | - |
| | | 900000 | മിൽക്ക് സബ്സിഡി | 900000 | |
| | | 500000 | കായിക പരിശീലന | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| | | | ധന സഹായം | | |
| | | 900000 | ഗാസ് ക്രിമറ്റോറിയത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 0 | 900000 |
| | | 500000 | അംഗൻവാടി അനുപൂരക പോഷകാഹാര പദ്ധതി | 0 | 500000 |
| | | | | | |
| ജില്ലാ പഞ്ചായത്ത് | | 1900000 | മിൽക് സബ്സിഡി | 1095046 | 804954 |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | - |
| | | 21600 | ക്ഷീര ഗ്രാമം ധാതു ലവണങ്ങളും വിര മരുന്ന് നൽകൽ | 11400 | 10200 |
| | | 500000 | ലൈഫ് ഭവന പദ്ധതി (2018-19) | 500000 | |
| | | 450000 | ലൈഫ് ഭവന പദ്ധതി | 450000 | |
| | | 228046 | ലൈഫ് ഭവന പദ്ധതി (എസ് സി) (2018-19) | 225000 | 3046 |
| | | 1080000 | ക്ഷീര ഗ്രാമം (വനിത) | 720000 | 360000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. | തെരുവു വിളക്ക് | 279174/ | 97000 | 97000 | 0 |

| | | | | | |
|---|---|---|---|---|---|
| ഇ.ബി. | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 30.6.2018 | | | |
| കേരള വാട്ടർ അതോറിറ്റി | കാവാലം പടി പുത്തൻപുരപ്പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ.നം. 1301160/ 5.3.2019 | 250000 | 0 | 250000 |
| കേരള വാട്ടർ അതോറിറ്റി | ചേപ്പിലം കോട് എസ്.സി.കോളനി അങ്കണവാടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം.1361652/ 13.3.2019 | 15000 | 15000 | 0 |
| പി.ഡബ്ല്യൂഡി. ഇലക്ട്രിക്കൽ സെക്ഷൻ | പുതിയ ഗ്രാമപഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം അധിക തുക നൽകൽ | ചെക്ക് നം. 170612/ 9.5.2018 | 68750 | 68750 | 0 |
| കെ.ഡബ്ല്യൂ.എ. | താഴെ തിരുവമ്പാടി അങ്കണവാടി കുടിവെള്ളം എത്തിക്കൽ | ബിൽ നം.1301155/ 5.3.2019 | 84000 | 84000 | 0 |
| പി.ഡബ്ല്യൂഡി. ഇലക്ട്രോണിക്സ് വിഭാഗം | പുതിയ ഗ്രാമപഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ് ആന്റ് ഇന്റർകോം സംവിധാനം ഒരുക്കൽ | ബിൽ നം.279176/ 30.6.2018 | 577919 | 577919 | 0 |
| പി.ഡബ്ല്യൂഡി. ഇലക്ട്രിക്കൽ സെക്ഷൻ | ലക്ഷം വീട് സാംസ്കാരിക നിലയം വൈദ്യുതീകരണം | ചെക്ക് നം. 434578/ 11.12.2018 | 39375 | 39375 | 0 |
| കേരള വാട്ടർ അതോറിറ്റി | അമ്പലപ്പാറ അങ്കണവാടിക്ക് സമിപം പൊതു ടാപ്പ് സ്ഥാപിക്കൽ | ചെക്ക് നം.1540602/ 5.3.2019 | 25000 | 25000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | ജി.ഒ. (എം. എസ്.)/ 68/2018 /18-05-2018 | 1940000 | 3496831 | 705883 | 0 | 4730948 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | 11.5 | വായ്പ കുടിശ്ശിക | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി |

| | | | | | |
|---|---|---|---|---|---|
| 2000-01 | 29 | 2003-04 | 11.13.7.19 | നികുതിപിരിവിൽ അലംഭാവം | ലഭ്യമല്ല |
| 2001-02 | 3-1 | 2005-06 | 2.70.1.9.11 | തൊഴിൽ രഹിത വേതനം അപേക്ഷകൾ തീർപ്പാക്കിയില്ല | ഒഴിവാക്കാൻ ശുപാർശ |
| 2002-03 | 3-2 | 2005-06 | 2.70.1.4.3 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | ഓഡിറ്റ് പരിശോധിച്ച് തടസ്സം തീർക്കാൻ ശുപാർശ |
| 2002-03 | 3-25 | 2005-06 | 2.70.1.3.2 | തൊഴിൽ പരിശീലന പദ്ധതികൾ പരാജയം | ഒഴിവാക്കാൻ ശുപാർശ |
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.2 | ക്ഷീരവികസന മേഖല -ചെലവ് തൃപ്തികരമല്ല | |
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.3 | പദ്ധതി നടത്തിപ്പിൽ മൃഗസംരക്ഷണ കർമ്മ സമിതി രൂപീകരിച്ചിട്ടില്ല | |
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.6 | " " | |
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.8 | തൊഴുത്ത് നിർമ്മാണം തുക ചെലവഴിച്ചില്ല | |
| | | 2014-15 (പ്ര.ക്ഷ.റി.) | 5.7.12 | സംസ്ഥാന വിഹിതം ലഭ്യമാകുന്നതിൽ കാലതാമസം | |
| | | 2015-16 (പ്ര.ക്ഷ.റി.) | 4.2.2 | ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് | |
| 2014-15 | 2-2 | 2016-17 | അനുബന്ധം -4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 3-17 | 2016-17 | 4.2.1 | പുറമ്പോക്കുകൾ | |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

| | | | | | |
|---|---|---|---|---|---|
| 2016-17 | 2-2 | 2017-18 | 1.11.5 | വസ്തു നികുതിയിൽ നഷ്ടം | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70584300 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68224875 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27675 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1908393 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| 3-1 | | 27675 | ശ്രീമതി അശ്വിനി , അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1024331 | 1000000ശ്രീമതി. കെ. ദേവി, സെക്രട്ടറി 24331-ശ്രീമതി രമ്യ,എൻ.കെ , അസി. എഞ്ചിനീയർ |
| 1-17 | 856387 | ശ്രീമതി അശ്വിനി , അസി. എഞ്ചിനീയർ |
| 1-21 | 200000 | ഡോ.മുബഷീറ, മെഡിക്കൽ ഓഫീസർ, ഹോമിയോ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. കെ. ദേവി, സെക്രട്ടറി | റിട്ടയർ ചെയ്തു | കൊരള്ളൂർ വീട്, കൂടരഞ്ഞി പി ഒ, കോഴിക്കോട് |
| ശ്രീമതി രമ്യ,എൻ.കെ , അസി. എഞ്ചിനീയർ | അസി എൻജിനീയർ, തിരുവമ്പാടി | നെല്ലിക്കോട്ട് കണ്ടി ഹൗസ്, നരിക്കുനി പി ഒ, കോഴിക്കോട് |

| | | |
|---|---|---|
| ശ്രീമതി അശ്വിനി , അസി. എഞ്ചിനീയർ | അസി . എൻജിനീയർ, കൂടരഞ്ഞി | തെഞ്ചിരിത്തോടികയിൽ, പന്നിക്കോട് പി ഒ, കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1988-89<br>1989-90 | കെ.എസ്.എ.കെ.കെ.ഡി.<br>പി1/837/2018/05.05.18 | 1 | 17 |
| 1990-91<br>1991-92 | കെ.എസ്.എ.കെ.കെ.ഡി.<br>പി1 837/201/05.05.18 | 1 | 5 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി1/837/<br>2018/05.05.18 | 4 | 33,40,50,51 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.<br>പി1/837/ 2018/05.05.18 | 1 | 13(b) |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.<br>പി1/837/ 2018/05.05.18 | 2 | 30,35(2) |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി1/837/<br>2018/05.05.18 | 8 | 2-1, 3-1,3-2,<br>3-13, 3-14, 3-18, |

| | | | |
|---|---|---|---|
| | | | 3-20 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 3 | 3-1,4-3, 4-4 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 1 | 3-3 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 1 | 3-12 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 10 | 2-6, 2-8, 2-9, 3-4,3-9, 3-12, 3-13, 3-14,3-15, 3-16 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി1/837/ 2018/ 05.05.18 | 15 | 2-3(4), 2-13, 3-4, 3-8, 3-9, 3-10, 3-12,3-13, 3-14, 3-16,3-17, 3-25, 3-26, 3-30, 3-34 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/ 05.05.18 | 7 | 3-2,3-3, 3-5, 3-7,3-10, 3-11, 4-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി. പി1/837/ 2018/ 05.05.18 | 4 | 3-1,3-2,3-3, 3-4 |
| 2010-11 | കെ.എസ്.എ കെ.കെ.ഡി.പി2/960/ 19/07-12-2020 | 3 | 2-4(2), 3-1, 3-6, |
| 2011-12 | കെ.എസ്.എ കെ.കെ.ഡി. പി2/960/ 19/03-12-2020 | 1 | 2-2, |
| 2012-13 2013-14 | കെ.എസ്.എ കെ.കെ.ഡി. പി2/960/ 19/30-11-2020 | 11 | 2-2, 3-1, 3-5, 3-8, 3-12, 3-13, 3-14,3-15, 3-17, 3-20, 3-30 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി1/1772/ 2016/23.04.2018 | 11 | 2-1,2-2(2), 3-1, 3-2(1),3-5, 3-6, 3-7(1),(3), 4-9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. | 16 | 2-1, 2-2, 2-5(1), |

| | | | |
|---|---|---|---|
| | പി1/549/ 2017/25.04.2018 | | 2-6(1), 3-4, (2),(3),(5), 3-5,3-8, 3-12, 3-13(2),(3),(4), (5), 3-17, 3-19 |
| 2016-17 | കെ.എസ്.എ കെ.കെ.ഡി. പി2/1583/ 21/07-12-2021 | 22 | 2-1(1), (3),(5), (6),(7), 2-2, 2-4(1), 2-5(1), (2), 2-6,3-1, 3-2(1), (2),3-3, 3-7, 3-11,3-13, 3-15, 3-21,3-24, 3-26, 4-9 |
| 2017-18 | കെ.എസ്.എ .കെ.കെ.ഡി. പി1/100/19/ 9.5.2019 | 20 | 1-10, 1-12, 2-1, 2-3,2-4(1),2-6 , 2-6(i),3-4, 3-6, 3-7, 3-8,3-9, 3-10, 3-12, 3-13, 3-14, 3-16, 3-17, 3-19, 3-20 |
| 2018-19 | കെ.എസ്.എ കെ.കെ.ഡി. പി2/336/ 20/23-04-2020 | 31 | 1-5 മുതൽ 1-35 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്